പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1139 — 05.03.2018 -ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാനസൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂം ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനു ആവിഷ്കരിച്ചിട്ടുളള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും(Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുളള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെ വച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) ഈ സർക്കാർ കാലയളവിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി എന്നുള്ള വിശദാംശങ്ങൾ നൽകുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷത്തിൽ 7 വില്ലേജാഫീസുകളും 2017-18 സാമ്പത്തിക വർഷത്തിൽ 39 വില്ലേജാഫീസുകളും (ആകെ 46) സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി സമർപ്പിച്ച നിവേദനം പരിഗണനയിലുണ്ടോ; ഈ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള വില്ലേജാഫീസുകൾക്ക് സ്മാർട്ട് റവന്യൂ ഓഫീസുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിടം നിർമ്മിക്കേണ്ട വില്ലേജുകളുടെ ലിസ്റ്റിൽ പരശുരവയ്ക്കൽ വില്ലേജ് ക്രമ നം. 1 ആയി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഒരു വില്ലേജിന് 44 ലക്ഷം രൂപ വച്ച് 50 വില്ലേജുകൾക്കായി 22 കോടി രൂപ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വില്ലേജുകൾ

2016-17

| ക്രമ നം. | ജില്ല | വില്ലേജിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | കഠിനംകുളം |
| 2 | കൊല്ലം | തഴുത്തല |
| 3 | കോട്ടയം | നെടുങ്കുന്നം |
| 4 | തൃശ്ശൂർ | ചെറുതുരുത്തി |
| 5 | പാലക്കാട് | കണ്ണാമ്പ്ര- 11 |
| 6 | കോഴിക്കോട് | പന്തീരാങ്കാവ് |
| 7 | കാസർഗോഡ് | വലിയപറമ്പ് |

p-5 ¶

2017-18

| ജില്ല | വില്ലേജ് |
|---|---|
| തിരുവനന്തപുരം | ചെറുവയ്ക്കൽ<br>കടയ്ക്കാവൂർ<br>പട്ടം |
| കൊല്ലം | ചണ്ണപ്പേട്ട<br>ഓച്ചിറ<br>എഴുകോൺ |
| പത്തനംതിട്ട | കുരമ്പാല<br>തുമ്പമൺ<br>മൈലപ്ര |
| ആലപ്പുഴ | പട്ടണക്കാട്<br>പാണാവള്ളി<br>വള്ളിക്കുന്നം |
| കോട്ടയം | വടക്കേമുറി<br>വാഴൂർ<br>കോരുതോട് |
| ഇടുക്കി | പെരിയാർ<br>ഏലപ്പാറ<br>അണക്കര |
| എറണാകുളം | മുളവൂർ<br>പുതുവൈപ്പ്<br>വെള്ളൂർകുന്നം |
| തൃശ്ശൂർ | പീച്ചി<br>വെള്ളിക്കുളങ്ങര<br>എറിയാട് |

p-5-7 ¶

| | |
|---|---|
| പാലക്കാട് | ഓങ്ങല്ലൂർ-2<br>കൊങ്ങാട്-2<br>തൂത്താല |
| കോഴിക്കോട് | കരുവൻതുരുത്തി<br>ആയഞ്ചേരി |
| മലപ്പുറം | മൂത്തേടം<br>തൃക്കണ്ടിയൂർ |
| വയനാട് | കുപ്പാടി<br>കൽപ്പറ്റ |
| കണ്ണൂർ | ചൊക്ലി<br>ന്യൂ നടുവിൽ<br>തിരുമേനി |
| കാസർഗോഡ് | ബേളൂർ<br>കള്ളാർ<br>വോർക്കാടി |

S.O